**ന കാമയേ *f*ഹം ഗതിമീശ്വരാത് പരാ**
**മഷ്ടർദ്ധി യുക്താമപുനർഭവം വാ**
**ആർത്തിം പ്രപദ്യേ*f*ഖിലദേഹഭാജാ**
**മന്ത:സ്ഥിതോ യേന ഭവന്ത്യ ദു:ഖാ: (9-21-12)**

*ശുകമുനി തുടർന്നു:*
ഭരദ്വാജൻെറ ഒരു പിൻതലമുറക്കാരനായിരുന്നു രന്തിദേവൻ. അദ്ദഹത്തിൻെറ മഹിമ ഇഹലോകത്തിലും മറ്റു ലോകങ്ങളിലും വാഴ്ത്തപ്പെടുന്നു. രന്തിദേവൻ രാജാവായിരുന്നുവെങ്കിലും ഭിക്ഷാംദേഹിയായി ജീവിച്ചു. ചോദിക്കാതെ ലഭിക്കുന്നതുകൊണ്ടുമാത്രം ജീവിതം നയിച്ചു. എന്നാൽ മറ്റുള്ളവരുടെ ദു:ഖം അദ്ദേഹത്തെ വല്ലാതെ ഉലച്ചു. അതുകൊണ്ട് കയ്യിലുള്ളതെല്ലാം മറ്റുള്ളവർക്കായി ദാനം ചെയ്തു. അങ്ങിനെ അദ്ദേഹത്തിനും കുടുംബത്തിനും ഭക്ഷണമില്ലാതെ ഏറെനാൾ കഴിയേണ്ടി വന്നിട്ടുണ്ട്. ഒരിക്കൽ അദ്ദേഹം നാൽപ്പത്തിയേഴു ദിവസം പട്ടിണി കിടന്നു.

നാൽപ്പത്തിയൊമ്പതാം ദിവസം രാവിലെ അദ്ദേഹത്തിന് കുറച്ച് ആഹാരവും പാലും ജലവും കിട്ടി. കുടുംബവുമൊത്ത് അത് കഴിക്കാനിരിക്കുമ്പോൾ ഒരു ബ്രാഹ്മണൻ വന്നു. ഭഗവാനെത്തന്നെ ബ്രാഹ്മണനിൽ സ്വയം ദർശിച്ച് ഭക്ഷണത്തിൻെറ ഒരു ഭാഗം ദാനം ചെയ്തു. വീണ്ടും എല്ലാവരും കൂടി ഭക്ഷിക്കാൻ തുടങ്ങുമ്പോൾ ഒരു ശൂദ്രനവിടെ വന്നു. അയാൾക്കും ഭക്ഷണം വീതം വച്ചു. പിന്നീട് കുറച്ചു നായ്ക്കളുമായൊരാൾ വന്നു. എല്ലാവരും വിശന്ന് വലഞ്ഞവർ. രന്തിദേവൻ അയാൾക്ക് ഭക്ഷണമെല്ലാം ദാനം ചെയ്തു. ജലം മാത്രമേ പിന്നീടവശേഷിച്ചുള്ളു. ആ സമയത്ത് ഒരു ചണ്ഡാളൻ അവിടെ പ്രത്യക്ഷപ്പെട്ട് ദാഹജലത്തിനാവശ്യപ്പെട്ടു. രന്തിദേവൻ ദയാവായ്പ്പോടെ ഇങ്ങിനെ പറഞ്ഞു. "ഞാൻ സമ്പത്തിനായോ അതിഭൗതീകസിദ്ധികൾക്കായോ നിർവ്വാണമുക്തിക്കായോ ആഗ്രഹിക്കുന്നില്ല. എനിക്ക് എല്ലാ സഹജീവികളുടെ ഹൃദയത്തിലെ ദു:ഖങ്ങളെയും കാണാൻ കഴിയട്ടെ. അവയിൽ പ്രവേശിച്ച് ആ ദു:ഖങ്ങളെ സ്വാംശീകരിച്ച് അവരെ ദു:ഖവിമോചിതരാക്കുക എന്നതു മാത്രമാണെൻെറയാഗ്രഹം. എൻെറ വിശപ്പും ദാഹവും ക്ഷീണവും നിങ്ങളുടെ ദാഹശമനം കൊണ്ട് സാധിക്കും." അപ്പോൾ അവിടെ ത്രിമൂർത്തികൾ- സൃഷ്ടാവായ ബ്രഹ്മാവ്, സ്ഥിതികർത്താവായ വിഷ്ണു, സംഹാരകനായ മഹേശ്വരൻ- പ്രത്യക്ഷപ്പെട്ടു. അവർ വേഷപ്രച്ഛന്നരായി ബ്രാഹ്മണനും ശൂദ്രനും ചണ്ഡാളനുമായി വന്നതാണെന്നു വെളിപ്പെടുത്തി. രന്തിദേവൻ വരങ്ങളൊന്നും ആവശ്യപ്പെട്ടില്ല. അദ്ദേഹം മായയ്ക്കും പ്രകൃതിഗുണങ്ങൾക്കും അതീതനായി കഴിഞ്ഞിരുന്നു.

ഭരദ്വാജൻെറ കുടുംബത്തിലാണ് ഹസ്തിയുടെ ജനനം. ഹസ്തിനാപുരം നിർമ്മിച്ചതദ്ദേഹമത്രെ. പഞ്ചാലൻമാർ മൗഡ്ഗല്യൻമാർ (ബ്രാഹ്മണർ) ഗൗതമപത്നിയായ അഹല്യ ശരദ്വാൻ ഇവരെല്ലാം ഭരദ്വാജൻെറ കുലക്കാരാണ്. ഒരിക്കൽ ശരദ്വാൻ അപ്സരസ്സായ ഉർവ്വശിയെ ദൂരെ നിന്നു കണ്ടപ്പോഴേക്കും രേതസസ് വഴിഞ്ഞു പുറത്തു വന്നു. അത് പുല്ലിൽ വീണ് രണ്ടു കുട്ടികളായി പരിണമിച്ചു. ഒരാൺകുട്ടിയും ഒരു പെൺകുട്ടിയും. ശന്തനു മഹാരാജാവ് അവരെ വളർത്തി. ആൺകുട്ടി കൃപനും പെൺകുട്ടി കൃപയുമായി വളർന്നു. കൃപൻ കൗരവഗുരുവായി. പെൺകുട്ടി ദ്രോണാചാര്യരുടെ പത്നിയും.